**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2206 **09.03.2018** -ലെ മറുപടിക്ക്

## അംബേദ്കർ ഗ്രാമ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ മതുക്കര പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മതുക്കര പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സബ്സെന്റർ നിർമ്മാണം.<br>2. വിജ്ഞാൻവാടി<br>3. കുടിവെള്ള വിതരണം<br>4. വാട്ടർ ടാങ്ക്<br>5. കിണർ പുനരുദ്ധാരണം<br>6. വായനശാല നവീകരണം<br>7. കുളിക്കടവ് നിർമ്മാണം ബസ് സ്റ്റോപ്പ് സംരക്ഷണ ഭിത്തി നിർമ്മാണം<br>8. സോളാർ സ്ട്രീറ്റ് ലൈറ്റ്<br>9. ഭവന പുനരുദ്ധാരണം |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയിലും ഇതുവരെയുള്ള പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഭവന പുനരുദ്ധാരണം ആരംഭിച്ചു. ആകെ 26 വീടുകളിൽ 8 എണ്ണം പൂർത്തിയാവുകയും 3 എണ്ണം ഭാഗികമായി പൂർത്തിയാവുകയും ചെയ്തു. |
| (സി) | നിലവിൽ നടന്നു വരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | 2018 ആഗസ്റ്റ് 31-ന് മുൻപായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ജില്ലാതലത്തിൽ മീറ്റിംഗ് കൂടി ഏജൻസികൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ